WEDNESDAY

01.11.2023

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR
Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/11/202

1. കേരള കാർഷിക സർവ്വകലാശാല വൈദ്യുതോർജ്ജ ഉപയോഗത്തിന് വേണ്ടി വരുന്ന ചിലവ് കുറക്കുന്നതിനും ഉദ്പാതിപ്പിച്ച് അധികമുള്ള ഊർജ്ജം ഗ്രിഡിൽ നൽകി വരുമാനം നേടുന്നതിനും വേണ്ടി സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ റെസ്കൊ മോഡലിൽ സ്ഥാപിക്കുന്ന സൗരോർജ പ്ലാന്റുകളുടെ ഉദ്ഘാടനം ഇന്ന് (നവംബർ 1) ഉച്ചയ്ക്ക് 2 മണിയ്ക്ക് സെക്രട്ടേറിയറ്റ് അനക്സ് II ൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു.

2. കേരളത്തിന്റെ മഹാ ഉത്സവമായി തിരുവനന്തപുരത്ത് നവംബർ 1 മുതൽ 7 വരെ കേരളീയം സംഘടിപ്പിക്കുന്നു. കേരളീയം ട്രേഡ് ഫെയർ എട്ടു വേദികളിലായി നാനൂറിലേറെ സ്റ്റാളുകൾ. പ്രദർശന വിപണനം രാവിലെ 10 മുതൽ വൈകിട്ട് 10 മണി വരെ. കേരളീയത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന കാർഷിക സെമിനാർ നവംബർ 2-ാം തീയതി നിയമസഭയിലെ ശ്രീ ശങ്കരനാരയണൻ തമ്പി - ഹാളിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്. കേരളീയത്തോട് അനുബന്ധിച്ച് കൃഷിവകുപ്പിന്റെ ട്രേഡ് ഫെയർ LMS COMPOUND ലാണ് ഒരുക്കുന്നത്. ജൈവ സർട്ടിഫിക്കേഷനുള്ള ഉൽപന്നങ്ങൾ, ഭൗമസൂചിക ലഭിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ സർക്കാരിന്റെ സ്വന്തം keralagro ബ്രാൻഡിൽ സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ തുടങ്ങിയവയും കേരള കാർഷിക സർവകലാശാലയുടെയും ഫാമുകളിലേയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയും ട്രേഡ് ഫെയറിൽ ഉണ്ടായിരിക്കുന്നതാണ്.

3. കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിൽ പുനലൂരിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഉന്നത ഗുണനിലവാരം പുലർത്തുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളായ തേൻ, മംഗോ ജ്യൂസ്, മംഗോ പൾപ്പ്, നറുനീണ്ടി & പൈനാപ്പിൾ സിറപ്പുകൾ, ജാമുകൾ, അച്ചാറുകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ

ജ്യോതി' എന്ന ബ്രാൻഡിൽ വിപണിയിൽ സജ്ജമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9846297007.

പരിശീലന പരിപാടി

4. 2022ൽ റബ്ബർ കൃഷിചെയ്തവർക്ക് ധനസഹായം കിട്ടുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് സിസ്റ്റംസ് ഓഫീസർ മറുപടി പറയും. കോൾ സെന്റർ നമ്പർ 0481 2576622.

5. വെള്ളനാട് ഐ സി എ ആർ മിത്രനികേതൻ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ നവംബർ 4ന് **മഴമറ എന്ന വിഷയത്തിൽ** പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി 9400288040 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കാർഷിക നിർദ്ദേശം – വെള്ളരിവർഗ്ഗ വിളകൾ

മഴക്കാലങ്ങളിൽ വെള്ളരിവർഗ്ഗ വിളകളിൽ വരാൻ സാധ്യതയുള്ള രോഗമാണ് മൃദുരോമപ്പൂപ്പൽ രോഗം ഇത് ശ്രദ്ധയിൽപ്പെട്ടാൽ പ്രൊപ്പിനെബ് 70 WP 25 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ മാങ്കോസെബ് 75 WP 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക.

പയറിലെ മുഞ്ഞയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.